പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 877 05/02/2020 ൽ മറുപടിക്ക്

**പ്രളയത്തിൽ കന്നുകാലി സമ്പത്തിലുണ്ടായ നഷ്ടം**

ചോദ്യം

**ശ്രീ.വി.ഡി.സതീശൻ :**

മറുപടി

അഡ്വ .കെ.രാജു

(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | 2019ലെ പ്രളയവുമായി ബന്ധപ്പെട്ട് കന്നുകാലി സമ്പത്തിലുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) | പ്രളയം മൂലം മൃഗസംരക്ഷണ മേഖലയിൽ 294 പശുക്കൾ, 101 കിടാരികൾ, 60 എരുമകൾ, 475 ആടുകൾ, 381723 കോഴികൾ, 6466 താറാവുകൾ, 66 മുയലുകൾ എന്നിവയും 847 കാലിത്തൊഴുത്തുകൾ പൂർണ്ണമായും, 3693 തൊഴുത്തുകൾ ഭാഗികമായും നഷ്ടപ്പെട്ടു. 87 കോഴിഷെഡ്ഡുകളും, 32 ആട് ഷെഡ്ഡുകളും നഷ്ടപ്പെട്ടിട്ടുണ്ട്. നിലവിലെ കണക്കനുസരിച്ച് 2019 ലെ പ്രളയത്തിൽ 32.94 കോടി രൂപയുടെ നഷ്ടം ഈ മേഖലയിൽ സംഭവിച്ചിട്ടുണ്ട്. |
| ബി) | കന്നുകാലി കർഷകർക്കുണ്ടായ നഷ്ടം നികത്തുവാൻ ഇതിനകം എന്ത് തുകയാണ് അനുവദിച്ചത്; | ബി) | പ്രളയത്തിൽ അടിയന്തിര മൃഗചികത്സ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ 342 മൃഗചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇതിനായി 22 ലക്ഷം രൂപ ചെലവഴിച്ചു. പ്രളയബാധിത മേഖലയിൽ മിൽമ, കേരള ഫീഡ്സ് എന്നീ സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റ, ധാതുലവണ മിശ്രിതം, TMR എന്നിവ വിതരണം ചെയ്തു. 2019 ലെ പ്രളയത്തിൽ നഷ്ടപ്പെട്ട ഉരുക്കൾക്ക് ധനസഹായം നല്കാൻ ദുരന്തനിവാരണ ഫണ്ട് ലഭിയ്ക്കുന്നതിനായുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| സി) | ഇക്കാര്യത്തിനായി കേന്ദ്രസർക്കാരിൽ നിന്നും എന്തെങ്കിലും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | സി) | ലഭ്യമായിട്ടില്ല |

സെക്ഷൻ ഓഫീസർ